LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് മേഖലയുടെ വികസനം

10 [*300] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് മേഖലയുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് അവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അംഗീകാരത്തിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) ഈ സർക്കാർ 2008 ഒളിമ്പിക്സിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കാൻ നടപടി എടുത്തിട്ടുണ്ട്. കേന്ദ്രത്തിനു സമർപ്പിച്ചിരുന്ന പദ്ധതികളിൽ 10 സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം ലഭ്യമായിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.)† സന്തോഷ് ട്രോഫി ജയിച്ച ടീമിലെ ജോലി ഇല്ലാത്തവർക്ക് ജോലി കൊടുത്തിട്ടുണ്ട്. സ്പോർട്സ് മേഖലയുടെ വികസനത്തിനായി ഈ സർക്കാർ ആവിഷ്ക്കരിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട് (അനുബന്ധം 1). † പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†(അനുബന്ധം 2)

(ബി) ഉണ്ട്. കൊല്ലത്ത് വനിതകൾക്കായി അത്ലറ്റിക്സ് അക്കാഡമി, എറണാകുളത്ത് പരിശീലന കേന്ദ്രം, ഇടുക്കിയിൽ പ്രത്യേക ജെയിംസ് സെന്റർ, എറണാകുളത്ത് നീന്തൽക്കുളം എന്നീ പദ്ധതികൾ സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ഖാദി ബോർഡിന്റെ റെഡിമെയ്ഡ് വസ്ത്രങ്ങൾ

11 [*301] ശ്രീ. കെ. എ. ചന്ദ്രൻ :
,, എം. എ. വാഹീദ് :
,, കെ. സുധാകരൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ ആകർഷകങ്ങളായ റെഡിമെയ്ഡ് വസ്ത്രങ്ങൾ വിപണിയിലിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

† അനുബന്ധം-I (എ) യും (ബി) യും (സി) യും

അനുബന്ധം 1 (എ)

[3-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 9 (300) സദയം കാണുക]

ഗ്രാമീണ മേഖലയിലുള്ള സ്കൂളുകൾക്ക് കളിസ്ഥല നിർമ്മാണത്തിനും, കായികോപകരണങ്ങൾ വാങ്ങുന്നതിനും 2003-04 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ധനസഹായം ലഭിച്ച സ്കൂളുകളുടെ പേരു വിവരങ്ങൾ

ക്രമ നമ്പർ	മേൽവിലാസം	അനുവദിച്ച തുക
1.	ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ചോറ്റാനിക്കര, എറണാകുളം	1,50,000
2.	പട്ടാരിയ സമാജം സ്കൂൾ, പള്ളിപ്പുറം, ആലപ്പുഴ	1,55,000+ 26,510
3.	ജി. എച്ച്. എസ്., കുത്തന്നൂർ, കുഴൽമന്ദം, പാലക്കാട്	1,25,000+ 25,000
4.	മട്ടക്കര സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മുഴൂർ, കോട്ടയം	1,45,384
5.	ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ, കുറ്റിയാടി, കുന്നുമ്മൽ, കോഴിക്കോട്	1,20,000
6.	സെന്റ് സെബാസ്റ്റ്യൻസ് എച്ച്. എസ്. എസ്. കൂട്ടാഞ്ചി, കോഴിക്കോട്	2,15.000
7.	ഗവണ്മെന്റ് ജി.എച്ച്.എസ്.എസ്. എരുമപ്പെട്ടി, വടക്കാഞ്ചേരി, തൃശ്ശൂർ	1,49,775
8	നിർമ്മലാ ഹൈസ്കൂൾ, കബനിഗിരി, പുൽപ്പള്ളി, സുൽത്താൻബത്തേരി, വയനാട്	2,10,000
9.	കാൽവരി എച്ച്.എസ്.എസ്. കാൽവരിക്കുന്ന്, കട്ടപ്പന, ഇടുക്കി	1,30,000+ 30,835
10.	കണ്ണാടി ഹയർസെക്കന്ററി സ്കൂൾ, കണ്ണാടി ബ്ലോക്ക്, കുഴൽമന്ദം, പാലക്കാട്	1,30,660
	ആകെ	16,13,164

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (ബി)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് മേഖലയുടെ വികസനത്തിനായി നടപ്പിൽ വരുത്തിയ പുതിയ പദ്ധതികൾ

1. സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലെ ബാസ്കറ്റ്ബാൾ കോർട്ട് ഇൻഡോർ ഹാളാക്കി മാറ്റി.

2. സിന്തറ്റിക് ട്രാക്ക്

തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും, കൊച്ചി മഹാരാജാസ് കോളേജ് ഗ്രൗണ്ടിലും സിന്തറ്റിക്ക് ട്രാക്ക് നിർമ്മാണ പ്രവർത്തനത്തിന് തുടക്കം കുറിച്ചു.

3. അവശ കായികതാരങ്ങൾക്കുള്ള സ്പോർട്സ് പെൻഷൻ

അവശ കായികതാരങ്ങൾക്ക് നൽകി വന്നിരുന്ന പ്രതിമാസ പെൻഷൻ 800 രൂപയിൽ നിന്നും 1000 രൂപയായും 600 രൂപയിൽനിന്നും 750 രൂപയായും 400 രൂപയിൽ നിന്നും 500 രൂപയായും വർദ്ധിപ്പിച്ചു.

അനുബന്ധം I (സി)

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ

ക്രമ നമ്പർ	*പ്രവർത്തനങ്ങൾ*
(1)	(2)
1	സ്കൂളുകളിലേയും കോളേജുകളിലേയും സ്പോർട്സ് ഹോസ്റ്റലുകൾക്കും കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലിനും സഹായം.
2	നിലവിലുള്ള കായിക പരിശീലന കേന്ദ്രങ്ങളുടെ മെയിന്റനൻസും കായിക അടിസ്ഥാന സൗകര്യങ്ങളും.
3	ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കായിക പരിപാടികൾ പ്രോത്സാഹിപ്പിക്കൽ.
4	ജില്ലാ സ്പോർട്സ് അസോസിയേഷനുകൾക്കുള്ള സഹായം.
5	വനിതാ കായിക മേളയും പരിശീലന ക്യാമ്പും.
6	സ്റ്റേറ്റ് ടീമിനെ ദേശീയ ഗെയിമിൽ പങ്കെടുപ്പിക്കലും തയ്യാറെടുപ്പും.
7	ഹയർ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ, മൂന്നാർ—ധനസഹായം.
8	അക്വാട്ടിക് കോംപ്ലക്സ് തിരുവനന്തപുരത്തിന്റെ പൂർത്തീകരണം.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
9	സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്കുള്ള ധനസഹായം
10	ജില്ലാ സ്പോർട്സ് സമുച്ചയത്തിന്റെ നിർമ്മാണം—ആറ്റിങ്ങൽ.
11	സ്പോർട്സ് ക്ലബ്ബുകൾക്കുള്ള ധനസഹായം.
12	മിനി ഗെയിംസ്, കോളേജ് ഗെയിംസ്, കേരള മാരത്തോൺ.
13	ഹെൽത്ത് ക്ലബ്ബുകൾ, സ്പോർട്സ് മെഡിസിൻ സെന്ററുകൾ, കണ്ടീഷനിംഗ് ഹാൾ എന്നിവ ഉൾപ്പെടെയുള്ള കളിസ്ഥലങ്ങളുടെ നിർമ്മാണം.
14	കോട്ടയത്തെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം.
15	ഫുട്ബാൾ കോർട്ട്, കണ്ണൂർ.
16	സ്പോർട്സ് മെഡിസിൻ ഗവേഷണത്തിനും വികസനത്തിനുമായുള്ളകേന്ദ്രം—തിരുവനന്തപുരം.
17	ആയോധന കലാ അക്കാഡമി സ്ഥാപിക്കൽ—വയനാട്.
18	സ്പോർട്സ് അക്കാഡമികൾ സ്ഥാപിക്കൽ.
19	കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റേയും ജില്ലാ സ്പോർട്സ് കൗൺസിലിന്റേയും കമ്പ്യൂട്ടർവൽക്കരണം.
20	യു. പി. സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള മുൻകൂർ പരിശീലനം.
21	ഗ്രാമീണ സ്പോർട്സ് ഫെസ്റ്റിവലിന്റെ നടത്തിപ്പും അഖിലേന്ത്യാ തലത്തിൽ പങ്കെടുക്കലും.
22	സ്പോർട്സ് ലൈബ്രറിയുടെ വികസനം.
23	ഡി. പി. ഐ. സ്കൂൾ സ്പോർട്സ് നടത്തുന്നതിനുള്ള ധനസഹായം.
24	ഡയറക്ടർ ഓഫ് കോളേജ് വിദ്യാഭ്യാസം—കോളേജ് സ്പോർട്സ് നടത്തുന്നതിനുള്ള ധനസഹായം.
25	കളിസ്ഥലങ്ങളുടെ സംരക്ഷണവും സ്പോർട്സ് സൗകര്യങ്ങളും.
26	ദേശീയ കായിക അഭിരുചി മത്സരങ്ങളും പരിശീലനവും.
27	രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ.
28	സ്പോർട്സ് പ്രോജക്റ്റ് വികസന മേഖലകൾ.
29	ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പുതുക്കി പണി.
30	ജൂഡോ, കളരിപ്പയറ്റ് എന്നീ ആയോധനകലകൾക്ക് ധനസഹായം.
31	പ്രചാരണം.
32	ഷൂട്ടിംഗ് റേഞ്ചുകൾ ആരംഭിക്കുന്നതിന്, പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
33	സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ (സായി) കേരളത്തിൽ അഞ്ച് പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. ഈ പരിശീലന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതാണ്.
34	എറണാകുളം ജില്ലയിൽ ഒരു നീന്തൽ കുളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.
35	തിരുവനന്തപുരത്തെ ഏവിയേഷൻ ട്രെയിനിംഗ് സെന്ററിന് ഒരു വിമാനം വാങ്ങാവുന്നതാണ്.
36	കായിക രംഗത്ത് പ്രോൽസാഹനം നൽകുന്നതിനായി മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതാണ്.
37	കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള 14 പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.
38	കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണി, ഗ്രാമീണ സ്ക്കൂളുകളിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയ പദ്ധതിക്ക് കേന്ദ്രസഹായത്തിനുള്ള അൻപതിലധികം പ്രൊപ്പോസലുകൾക്ക് കേന്ദ്രാനുമതിയ്ക്കായി നിലവിലുണ്ട്.

അനുബന്ധം II (i)

3-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 18(1735) കാണുക

അനുബന്ധം I

1. മുൻസിപ്പൽ കോർപ്പറേഷനുകൾ.
2. മുൻസിപ്പാലിറ്റികൾ.
3. ഗ്രാമപഞ്ചായത്തുകൾ.
4. ബ്ലോക്ക് പഞ്ചായത്തുകൾ.
5. ജില്ലാ പഞ്ചായത്തുകൾ.
6. സർവ്വകലാശാലകൾ.
7. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.
8. വികസന അതോറിറ്റികൾ.
9. ഹിന്ദു റിലീജിയസ് ചാറ്റിറ്റബിൾ എൻഡോവ്മെന്റ് ഭരണവകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ക്ഷേത്രങ്ങൾ.
10. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
11. സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണങ്ങളുടെ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട്.
12. മലബാർ മാർക്കറ്റ് കമ്മിറ്റി.
13. അനാഥാലയങ്ങളും പുവർഹോമുകളും.

LIBRARY ARCHIVES Kerala Legislative Assembly